**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1651** **16-10-2026-ൽ മറുപടിയ്ക്ക്**

**ചാത്തന്നൂരിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ബി. ബി. ഗോപകുമാർ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** ചാത്തന്നൂർ കേന്ദ്രീകരിച്ച് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരെയും അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

**മറുപടി:** കൊല്ലം ജില്ലയിൽ പരവൂരോ ചാത്തന്നൂരോ കേന്ദ്രമാക്കി ഒരു പുതിയ സബ് ആർ.ടി ഓഫീസ് ആരംഭിക്കുന്നത് ഉൾപ്പെടെ മോട്ടോർ വാഹന വകുപ്പിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ അനുവദിക്കുന്നതിനും വേണ്ടി ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഗതാഗത കമ്മീഷണർ സമർപ്പിച്ച ശിപാർശകൾ പരിശോധിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ നിർദേശങ്ങൾ പരിഗണിക്കാനാകൂ എന്ന് ഗതാഗത കമ്മീഷണറെ അറിയിച്ചിരുന്നു.

തുടർന്ന്, പുതുതായി ആരംഭിച്ചിട്ടുള്ള ഏഴ് ഓഫീസുകളിൽ ജീവനക്കാരുടെ എണ്ണം വർധിപ്പിക്കുന്നതിനുള്ള നിർദേശങ്ങളിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ വർക്ക് സ്റ്റഡി റിപ്പോർട്ടിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും വിവിധ ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. ഇതുമൂലം പ്രതിവർഷം ₹8,43,76,236 അധിക സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത ശിപാർശകളിന്മേൽ ഗതാഗത കമ്മീഷണറുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

**(ബി)** പൊതുജനങ്ങളുടെ ആവശ്യപ്രകാരം ചാത്തന്നൂരിൽ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റും വാഹന പരിശോധനയും നടത്തുന്നതിനായി കൊല്ലം ആർ.ടി.ഒ.-യുടെ നേതൃത്വത്തിൽ ആരംഭിച്ച താൽക്കാലിക സംവിധാനം ആഴ്ചയിൽ രണ്ട് ദിവസത്തിൽ നിന്ന് ഒരു ദിവസമായി ചുരുക്കിയതിന്റെ കാരണം വ്യക്തമാക്കാമോ?

**മറുപടി:** ചാത്തന്നൂരിൽ ഡ്രൈവിംഗ് ടെസ്റ്റ്, വാഹന പരിശോധന എന്നിവ തുടങ്ങിയ കാലം (2022) മുതൽ ഒരു വർഷത്തോളം രണ്ടാം ശനി ഒഴികെയുള്ള ശനി, ബുധൻ ദിവസങ്ങളിൽ ആണ് നടത്താറുള്ളത്. അപേക്ഷകരുടെ എണ്ണത്തിലുണ്ടായ കുറവ് കാരണം ആണ് ആയത് ഒരു ദിവസത്തിലേക്ക് (രണ്ടാം ശനി ഒഴികെയുള്ള ശനി) ഡ്രൈവിംഗ് ടെസ്റ്റ്, വാഹന പരിശോധന എന്നിവ പരിമിതപ്പെടുത്തിയത്.

**സെക്ഷൻ ഓഫീസർ**